(ഡി) പ്രതിനിധ്യക്കുറവുണ്ടായാൽ അവ ശ്രദ്ധയിൽ പെടുത്തിയാൽ പരിഹരിക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റൻറൽ സ്കീം അനുസരിച്ച് പൂജപ്പുരയിൽ 651 ഫ്ളാറ്റുകളാണ് പണിയുന്നത്. അവയിൻ 152 എണ്ണത്തിൻെറ പണി പൂർത്തിയായിട്ടുണ്ട്.

(ബി) പൂർത്തിയാക്കിയവയിൽ 112 ഫ്ളാറ്റുകളും അലോട്ടു ചെയ്തിട്ടുണ്ട്. ബാക്കി 40 എണ്ണം അലോട്ടു ചെയ്യുവാൻ നടപടി എടുത്തിട്ടുണ്ട്. അലോട്ട് ചെയ്യപ്പെട്ടവരുടെ പേരുവിവരം ഇതോടൊന്നിച്ചുവരുന്നു. †

(സി) ഉണ്ട്. 112 ഫ്ളാറ്റുകളും അലോട്ടു ചെയ്തതിൽ 9 എണ്ണം പട്ടിക ജാതി/പട്ടികവർഗ്ഗക്കാർക്ക് നൽകിയിട്ടുണ്ട്.

(ഡി) സി വിഭാഗത്തിലെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ചാലക്കുടി, ആനമല, മലക്കപ്പാറ റോഡിലെ ഗതാഗത തടസ്സം

1366. [1955] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വെള്ളപ്പൊക്ക കെടുതികളിൽ ചാലക്കുടി, ആനമല, മലക്കപ്പാറ റോഡിൽ ഏതെല്ലാം ഭാഗങ്ങളിലാണ് ബസ്സ്, ലോറി മുതലായവ ഓടാൻ പറ്റാത്ത വിധം മല ഇടിഞ്ഞുവീണു കിടക്കുന്നത് എന്നു വ്യക്തമാക്കുമോ ;

(ബി) ഈ മാർഗ്ഗ തടസ്സം മാറ്റുന്നതിന് ഇതിനകം വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടി എന്നു വ്യക്തമാക്കുമോ ;

(സി) എന്നത്തേക്ക് റോഡ് സഞ്ചാരയോഗ്യമാക്കുമെന്ന് പറയാമോ ?

ഉത്തരം

(എ) പ്രസ്തുത റോഡിൽ 63 മുതൽ 65 കിലോമീറ്റർ വരെയുള്ള ഭാഗത്ത് മലയിടിഞ്ഞുവീണ് ഗതാഗതതടസ്സം വന്നിട്ടുണ്ട്.

(ബി) കാർ, ജീപ്പ് എന്നിവ പോകാനുള്ള സൗകര്യങ്ങൾ ഇതിനോടകം ചെയ്തു കഴിഞ്ഞു.

(സി) ഏകദേശം നാലു മാസത്തിനകം റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

മതിലകം–കുളിമുട്ടം റോഡ്

1367. [1956] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മതിലകം–കുളിമുട്ടം റോഡ് ഗതാഗതയോഗ്യമല്ലെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡു നിർമ്മാണം ഉടനെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡുനിർമ്മാണത്തിന് ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല.

ഷോളയാർ–മതിലകം റോഡ്

1368. [1957] [ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്കിൽപ്പെട്ട ഷോളയാറിൽ നിന്നും കൊടുങ്ങല്ലൂർ താലൂക്കിൽപ്പെട്ട മതിലകം വരെയുള്ള ഷോളയാർ–മതിലകം റോഡ് നിർമ്മിക്കുന്നതിന് വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കോട്ടിക്കുളം–തച്ചംഗാഡ് റോഡ്

1369. [1958] [ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമാ നിയോജക മണ്ഡലത്തിൽ കോട്ടിക്കുളം–തച്ചംഗാഡ് റോഡ് (പി. ഡബ്ലിയു. ഡി.) ഗതാഗതയോഗ്യമല്ലാതായതായി [ശദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) റോഡ് പണി അടിയന്തിരമായി എറ്റെടുക്കുന്നതിന് നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക പരിമിതികൾ കാരണം അത്യാവശ്യ അറ്റകുറ്റപ്പണികൾ മാത്രമേ ഉടനെ നടത്താൻ കഴിയുകയുള്ളു.

പെരുവണ്ണാമൂഴി–പൂഴിത്തോട്–പടിഞ്ഞാറത്തറ റോഡ്

1370. [1959] [ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പെരുവണ്ണാമൂഴി–പൂഴിത്തോട്–പടിഞ്ഞാറത്തറ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചുവോ ?

LIBRARY ARCHIVES Kerala Legislative Assembly